**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** | **05-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയയെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി മാഫിയയുടെ നേതൃത്വത്തിൽ കൊലപാതകങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | രാജ്യത്ത് നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതും അതോടൊപ്പം അതിർത്തി കടന്ന് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നതും വിദ്യാർത്ഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായും അറിവായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അക്രമവാസന കൂടി സൃഷ്ടിക്കുന്നതാകയാൽ അത്തരം അക്രമസംഭവങ്ങളും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.<br><br>ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് എക്സൈസും, പോലീസും, വനം വകുപ്പും രഹസ്യ നിരീക്ഷണം നടത്തുന്നുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പോലീസും എക്സൈസും നടത്തിവരുന്നു. ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ 2016 മുതൽ സംസ്ഥാനത്ത് വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ട്.<br><br>ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The Prevention of illicit Trafic in Narcotic and Psychotropic Substance Act 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ വേണ്ട നിയമ നടപടികളും NDPS ആക്ട് പ്രകാരം സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്ന വർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി എടുത്തുവരുന്നു. |

| | | | |
|---|---|---|---|
| | | | NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്നപക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31 (എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്ന പക്ഷം കേസിൽ വധശിക്ഷയ്ക്കു വ്യവസ്ഥയുണ്ട്.<br><br>കേസുകളിൽ ശിക്ഷിക്ക- പ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുൻപ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച്ഓഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തി വരുന്നു.<br><br>ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ, കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവർത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം ബഹു. കോടതികളുടെ മുമ്പിൽ കൊണ്ടു വരാനും കഴിയും.<br><br>NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടികൂടുന്നവരെ ക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ട്രെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഒരുക്കിയും മയക്കുമരുന്ന് കടത്തിന് കർശന നിയന്ത്രണം കൊണ്ടുവരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.<br><br>ലഹരി ഉപയോഗത്തെ-ക്കുറിച്ചും ലഹരി കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ് പൂർണ്ണ രഹസ്യമായി സൂക്ഷിക്കും. |
| (ബി) | തലശ്ശേരിയിൽ ലഹരി കച്ചവടം ചോദ്യം ചെയ്തതിന് രണ്ടുപേരെ ലഹരി മാഫിയ കൊലപ്പെടുത്തിയ സംഭവത്തിലെ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | തലശ്ശേരിയിൽ ലഹരി കച്ചവടം ചോദ്യം ചെയ്തതിന് രണ്ടുപേരെ ലഹരി മാഫിയ കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് തലശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 896/2022 u/s 302,307,143,147,148, 120 (B), 341, 323, 212 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും കേസിന്റെ തുടരന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് നടത്തി വരികയുമാണ്. കേസിൽ ഉൾപ്പെട്ട് ഇപ്പോൾ |

| | | | |
|---|---|---|---|
| | | | റിമാന്റിലുള്ള 7 പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br><br>1. സുരേഷ് ബാബു പി. @ പാറായി ബാബു, s/o നാണു.<br><br>2. ജാക്സൺ വിൽസൺ, s/o ജയിസൺ.<br><br>3. നവീൻ കെ.,s/o വിനോദ്.<br><br>4. മുഹമ്മദ് ഫർഹാൻ കെ, s/o അബ്ദുൾ സത്താർ.<br><br>5. സുജിത്ത് കുമാർ എൻ, s/o ചാത്തുക്കുട്ടി.<br><br>6.അരുൺ കുമാർ പി, s/o കുഞ്ഞികൃഷ്ണൻ.<br><br>7. സന്ദീപ് ഇ.കെ, s/o ഗോപി. |
| (സി) | സംസ്ഥാന പോലീസിന്റെയും എക്സൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ തയ്യാറാക്കിയ സ്ഥിരം ലഹരി കടത്തുകാരുടെ ലിസ്റ്റിൽ മേൽപ്പറഞ്ഞ കേസിലെ പ്രതികൾ ഉൾപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാന പോലീസ് തയ്യാറാക്കിയ സ്ഥിരം ലഹരി കടത്തുകാരുടെ ലിസ്റ്റിൽ മേൽപ്പറഞ്ഞ കേസിലെ പ്രതികൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മേൽ കേസിലെ രണ്ടാം പ്രതിയായ ജാക്സൺ വിൽസണിന്റെ പേരിൽ 23 ഗ്രാം കഞ്ചാവ് വാഹനത്തിൽ കടത്തിക്കൊണ്ടു വന്ന കുറ്റത്തിന് തലശ്ശേരി എക്സൈസ് റെയ്ഞ്ചിൽ 18.08.2019 തീയതിയിൽ ക്രൈം നം. 26/2019 പ്രകാരം എൻ.ഡി.പി.എസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | പോലീസും എക്സൈസും കൈക്കൊള്ളുന്ന നടപടികൾ (എ) പിരിവിൽ പറയുന്നു. കേവലം എൻഫോഴ്സ്മെന്റ് കൊണ്ട് മാത്രം ഈ വിപത്തിനെ ചെറുത്ത് തോൽപ്പിക്കാനാവില്ല. സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ളവരുടെ പങ്കാളിത്തം കൊണ്ടു മാത്രമെ ഈ വിപത്തിനെ ഒഴിവാക്കാൻ കഴിയുകയുള്ളൂ.<br><br>ഇത് മുന്നിൽ കണ്ടുകൊണ്ട് ഇക്കഴിഞ്ഞ ഒക്ടോബർ 6 മുതൽ നവംബർ 1 വരെ സമൂഹത്തിന്റെ വിവിധ തട്ടുകളിലുള്ള സംഘടനകളെയും ജനങ്ങളെയും അണിനിരത്തി No to Drugsഎന്ന പേരിൽ സുശക്തമായ ജനകീയ കാമ്പയിൻ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ജനപ്രതിനിധികൾ, തദ്ദേശ സർക്കാരുകൾ, സർക്കാർ വകുപ്പുകൾ, ഇതരസർക്കാർ പൊതുമേഖലാ-സഹകരണ, സ്വകാര്യ സ്ഥാപനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങി വിദ്യാർത്ഥികളും അദ്ധ്യാപക - രക്ഷാകർത്തൃ സംഘടനകളും സന്നദ്ധസംഘടനകളും ബഹുജനപ്രസ്ഥാനങ്ങളും ജീവനക്കാരുടെ സംഘടനകളും ഉൾപ്പെടെയുള്ള നിരവധിപേർ |

| | | | |
|---|---|---|---|
| | | | ഇതിൽ പങ്കാളികളായി. ഇത്തരത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. അതിനായി എല്ലാ തുറകളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കും.<br><br>No to Drugs കാമ്പയിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടു നിൽക്കുന്ന രണ്ടാംഘട്ട പ്രചാരണ പരിപാടി ആരംഭിച്ചിട്ടുണ്ട്. അതിന് ശേഷവും ജനകീയ കാമ്പയിൻ തുടരും. |

സെക്ഷൻ ഓഫീസർ